നമ്പർ ബി2/4773/2025

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം)
കാര്യാലയം,
രണ്ടാം നില സിവിൽ സ്റ്റേഷൻ, പാലക്കാട് 678 001
ടെലിഫോൺ 0491-2505264, 2505189
ഇ-മെയിൽ : palakkaddmo@gmail.com

**ദർഘാസ് നോട്ടീസ്**

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ വാഹനങ്ങളായ **.KL-01 BA 5173, TATA SPACIO , KL-O1 BA 5175, TATA SPACIO.** 18.03.2025 ലെ ജി.ഒ (പി) നം. 27/2025/ഫിൻ പ്രകാരവും താഴെ കൊടുത്തിട്ടുള്ള നിബന്ധനകൾ പ്രകാരം ടെൻഡർ ക്ഷണിച്ച് വില്പന നടത്തിയ ശേഷം 5 (അഞ്ച്) വർഷത്തേയ്ക്ക് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം തിരികെ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നോട്ടീസ്.

**1. വാഹനത്തിന്റെ വിശാദാംശങ്ങൾ**

1. Registration No. : KL-O1-BA-5173
2. Make and Model :TATA SPACIO
3. Fuel : DIESEL
4. Registration Validity up to : 26/01/2026
5. Total Km covered ( as on 30.09.2025) : 228551 KM
6. Insurance paid upto : 18/03/2026

**2. വാഹനത്തിന്റെ വിശാദാംശങ്ങൾ**

1. Registration No. : KL-01-BA-5175
2. Make and Model : TATA SPACIO
3. Fuel : DIESEL
4. Registration Validity up to : 26/01/2026
5. Total Km covered ( as on 30.09.2025) : 204424 KM
6. Insurance paid upto : 25/01/2026

ടെണ്ടർ ഫോറത്തിൻ്റെ വില - 400 + 72 ( 18%GST )

ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തിയതി - 19.11.2025

ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തിയതി - 19.11.2025 4.00 PM

ടെണ്ടർ തുറക്കുന്ന തിയതി - 20.11.2025 11.00 AM

അടങ്കൽ തുക 1. KL-01-BA-5173 - 115000/- RS
2. KL-01-BA-5175 - 125000/- RS

ഓരോ വാഹനത്തിനും പ്രത്യേകം ടെൻഡർ ഫോം സമർപ്പിക്കേണ്ടതാണ്

<u>നിബന്ധനകൾ</u>

1. ടെൻഡർ കൈപ്പറ്റുന്ന ആൾ വാഹനം വകുപ്പിൽ നിന്നും വാങ്ങി തിരികെ 5 (അഞ്ച്) വർഷത്തേയ്ക്ക് വകുപ്പിന് തന്നെ വാടകയ്ക്ക് നൽകേണ്ടതാണ്.
2. വാഹനം വാങ്ങുന്നതിന് ടെൻഡർ കൊള്ളാൻ ഉദ്ദേശിക്കുന്ന തുകയും വാഹനം വാടകയ്ക്ക് തിരികെ വകുപ്പിന് തന്നെ നൽകുന്നതിനുള്ള മാസവാടകയും ഇതോടോപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
3. വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്ന തുകയും മാസ വാടകയും തമ്മിലുള്ള അനുപാതം കണക്കാക്കി അതിൽ കുറഞ്ഞ അനുപാതം അടിസ്ഥാനപ്പെടുത്തിയായിരിക്കും ടെൻഡർ അംഗീകരിക്കുന്നത്.
4. 18.03.2025 ലെ ജി.ഒ (പി) നം. 27/2025/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം ആയിരിക്കും ടെൻഡർ അംഗീകരിക്കുന്നത്.
5. വാഹനത്തിനാവശ്യമായ ഇന്ധനം, ഡ്രൈവർ എന്നിവ വകുപ്പിൽ നിന്നും നൽകുന്നതായിരിക്കും. വാഹനത്തിന്റെ അറ്റകുറ്റ പ്രവർത്തികളും തുടർ അനുബന്ധ പ്രവർത്തികളും മറ്റ് എല്ലാ ചിലവുകളും കരാറുകാരൻ സ്വയം നിർവഹിക്കേണ്ടതാണ്.
6. വാഹനം ടെൻഡർ മുഖാന്തിരം വാങ്ങിയ ശേഷം വാഹനം കൈപ്പറ്റിയ ആൾ വാഹനത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിൽ ആക്കിയ ശേഷം വകുപ്പിന്റെ തുടർന്നുള്ള ഉപയോഗത്തിനു വേണ്ടി സ്വന്തം ചിലവിൽ contract carriage permit എടുത്തിരിക്കണം.,
7. ടെൻഡർ കൈകൊണ്ടയാൾ വാഹനത്തിന്റെ മുഴുവൻ തുകയും (18% ജി.എസ്.ടി അടക്കം) ടെൻഡർ സ്വീകരിച്ച ഉടൻ കെട്ടി വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം അടുത്ത കുറഞ്ഞ അനുപാത തുക രേഖപ്പെടുത്തിയ ആൾക്ക് ടെൻഡർ ഉറപ്പിച്ചു നൽകുന്നതാണ്.
8. ടെൻഡർ കൈകൊണ്ട ആൾ വാടക കാലാവധിയിൽ (കുറഞ്ഞത് അഞ്ചു വർഷം) വാഹനം വകുപ്പ് തല ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല.
9. ടെൻഡർ കൈപ്പറ്റുന്ന ആൾ കേരള സർക്കാരിന്റെ 200 രൂപയുടെ മുദ്രപത്രത്തിൽ വാടക കരാറിൽ ഏർപ്പെടേണ്ടതാണ്.
10. കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ വാഹനം വകുപ്പിന്റെ ഔദ്യോഗികാവശ്യങ്ങൾക്കുള്ള യാത്രകൾക്കു ശേഷം മുഴുവൻ സമയവും കാര്യാലയത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.

ടെൻഡറിൽ പങ്കെടുക്കുന്നവർ, യഥാക്രമം അടങ്കൽ തുകയുടെ ഒരു ശതമാനം ( KL-01-BA-5173 - 1150 , KL-01-BA-5175 - 1250 ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിൽ വാങ്ങിയ Demand Draft നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം സമർപ്പിക്കാത്തവർക്ക് ടെണ്ടറുകൾ സമർപ്പിക്കുവാനോ ടെൻഡറിൽ പങ്കെടുക്കാനോ സാധിക്കുകയില്ല. ടെണ്ടറുകൾ സമർപ്പിക്കുന്നവർ പേരും അഡ്രസ്സും തെളിയിക്കുന്നതിന് പാൻ കാർഡിന്റെയും മറ്റും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ടെൻഡർ ആരംഭിക്കുന്നതിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

സീൽ ചെയ്ത ടെണ്ടറുകൾ 19.11.2025 തിയ്യതി 4.00 മണിക്ക് മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസർ , ജില്ലാ മെഡിക്കൽ ഓഫീസ് (ആ ) , സിവിൽ സ്റ്റേഷൻ പാലക്കാട് എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അങ്ങനെ ലഭിച്ച ടെണ്ടറുകൾ 20.11.2025 ന് രാവിലെ 11.00 മണിക്ക് അപ്പോൾ സന്നിഹിതരായിട്ടുള്ള ടെൻഡർ സമർപ്പിച്ചിട്ടുള്ളവർ അല്ലെങ്കിൽ അവരുടെ രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തികൾ, എന്നിവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ടെണ്ടറുകൾ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ടെണ്ടർ നടപടികൾ സർക്കാരിന്റെ നിലവിലെ എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതുമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തി സമയങ്ങളിൽ 0491 2505264 എന്ന ടെലിഫോൺ നമ്പറിൽ

ബന്ധപ്പെടേണ്ടതാണ്.

| ആരോഗ്യവകുപ്പ് തല വാഹനമായ...................................................................... ടെൻഡർ മുഖേന വാങ്ങുന്നതിനു തിരികെ ........................................... വാടകയ്ക്ക് നൽകുന്നതിനുമുള്ള ദർഘാസ് ഷെഡ്യൂൾ | | |
|---|---|---|
| വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്ന വില (അക്കത്തിലും അക്ഷരത്തിലും) | വാഹനം തിരികെ വകുപ്പിന് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്ന മാസ വാടക (അക്കത്തിലും അക്ഷരത്തിലും) | വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്ന വിലയുടെയും വാഹനം തിരികെ വകുപ്പിന് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്ന മാസ വാടകയുടെയും അനുപാതം |
| രൂപ........................ | രൂപ............................./മാസം | |

ദർഘാസിൽ പങ്കെടുക്കുന്നയാളുടെ പേര്.

മേൽവിലാസം

തീയതി. ഒപ്പ്

പേരും മേൽവിലാസവും തെളിയിക്കുന്നതിന് പാൻകാർഡിന്റെയും ആധാർ കാർഡിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി ഇതോടോപ്പം സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Rosh T V
Date: 30-10-2025 08:22:08

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
പാലക്കാട്